LIBRARY ARCHIVES Kerala Legislative Assembly

ചേളമാന്നൂർ ഗവൺമെന്റ് യു.പി.സ്കൂൾ അപ്ഗ്രഡേഷൻ

282 (1367) ശ്രീ. സി. എസ്. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാണാവൂർ നിയോജക മണ്ഡലത്തിലെ ചേളമാന്നൂർ ഗവ.യു.പി.സ്കൂൾ അപ്ഗ്രഡ് ചെയ്യുന്നതിനുവേണ്ടി 3 ഏക്കർ ഭൂമി പൊതുജനങ്ങൾ വാങ്ങി സർക്കാരിലേക്ക് കൈമാറുവാൻ തീരുമാനിക്കുകയും പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ബന്ധപ്പെട്ടവർ നൽകിയ അപേക്ഷ പരിഗണിച്ചിരുന്നുവോ; ആയതിന്മേൽ സ്വീകരിച്ച നടപടികളും പുരോഗതിയും വിശദമാക്കുമോ;

(ബി) പ്രദേശികമായി നിലവിലുള്ള ഭൂമിവില കണക്കാക്കുമ്പോൾ പൊതുആവശ്യങ്ങൾ ഏറ്റെടുക്കുന്ന പ്രസ്തുത പൊതു ഇടപാടുകൾ പൂർത്തീകരിക്കുന്നതിലേക്ക് അനുകൂല ഉത്തരവ് നൽകി സഹായിക്കുവാൻ സന്നദ്ധമാകുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ &ബി) പരിശോധിക്കാം. കേരള മുദ്രപത്രം 3 -ാം വകുപ്പിന്റെ 1 -ാം ഒഴിവ് പ്രകാരം കേരള ഗവർണറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി നൽകേണ്ടതില്ലാത്തതിനാൽ ടി ആധാരം രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയുടെ ആവശ്യമില്ലാത്തതാണ്. ടി അപേക്ഷ പരിഗണിച്ച് സർക്കാരിന്റെ 12-1-2015-ലെ G.O.(P)8/2015/TD നമ്പർ ഉത്തരവ് മുഖേന രജിസ്ട്രേഷൻ ഫീസ് ഇളവ് അനുവദിച്ചിട്ടുള്ളതാണ്. കേരള ഗവർണറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾക്ക് കേരള മുദ്രപത്ര നിയമം 3 -ാം വകുപ്പിന്റെ 1-ാം ഒഴിവ് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ലഭിക്കുന്നുണ്ട്. 17-11-2015-ലെ G.O.(P) 201/2015/TD നമ്പർ ഉത്തരവ് മുഖേന കേരള ഗവർണറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ ആധാരങ്ങൾക്കും രജിസ്ട്രേഷൻ ഫീസിളവ് പൊതുവായി അനുവദിച്ചിട്ടുണ്ട്.

സ്റ്റീഡ് കേരള പദ്ധതി

283 (1368) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥാപനത്തിന് സ്റ്റീഡ് കേരള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്, വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?